# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2380 09.03.2018 -ലെ മറുപടി

**കുഴൽ കിണർ നിർമ്മാണം നിർമ്മാണത്തിന് നിയന്ത്രണം**

**ചോദ്യം** **മറുപടി**

**ശ്രീ.കെ.വി.വിജയദാസ്** **മാത്യു ടി. തോമസ്**

**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | കുഴൽ കിണർ നിർമ്മാണത്തിന് നിലവിൽ സർക്കാർ അനുമതി നൽകുന്നുണ്ടോ; എങ്കിൽ ആയതിന് സ്വീകരിയ്ക്കുന്ന മാനദണ്ഡങ്ങളുടെ വിശദാംശം നൽകുമോ; | എ) | കുഴൽകിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജലവകുപ്പ് പ്രവർത്തിക്കുന്നു. വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൽ ഭൂജല സർവ്വേ നടത്തി കുഴൽകിണർ നിർമ്മാണം വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നു. സർക്കാർ വിഞ്ജാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93(എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽകിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും, ഭൂജലവകുപ്പിന്റെ clearance -ഉം 10/01/2014 മുതൽ നിർബന്ധമാണ്. |
| ബി) | ഭൂജല വകുപ്പ് മുഖേന അല്ലാതെ പ്രൈവറ്റ് ഏജൻസികൾക്ക് കുഴൽ കിണർ നിർമ്മിക്കുന്നതിന് സർക്കാർ ലൈസൻസ് നൽകുന്നുണ്ടോ; ഇപ്രകാരം എത്ര പ്രൈവറ്റ് ലൈസൻസികൾ സംസ്ഥാനത്ത് കുഴൽ കിണറുകൾ നിർമ്മിക്കുന്നുണ്ട്; വിശദവിവരം നൽകുമോ; | ബി) | സംസ്ഥാനത്ത് ഭൂജലവകുപ്പ് മുഖേന അല്ലാതെ പ്രൈവറ്റ് ഏജൻസികൾക്ക് കുഴൽകിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റി രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 190 സ്വകാര്യ കുഴൽ കിണർ ഏജൻസികൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | കുഴൽ കിണർ നിർമ്മാണത്തിന് നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | സി) | വിഞ്ജാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മാണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് വയനാട് ജില്ലയിൽ വരൾച്ചയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം 2018 മെയ് 31 വരെ സ്വകാര്യ ഏജൻസികൾ വഴിയുള്ള കുഴൽ കിണർ നിർമ്മാണം നിർത്തിവെച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**

| ക്രമ നമ്പർ | ജില്ല | രജിസ്റ്റർ ചെയ്ത സ്വകാര്യ കുഴൽകിണർ ഏജൻസികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 17 |
| 2 | കൊല്ലം | 6 |
| 3 | പത്തനംതിട്ട | 0 |
| 4 | ആലപ്പുഴ | 4 |
| 5 | കോട്ടയം | 14 |
| 6 | ഇടുക്കി | 13 |
| 7 | എറണാകുളം | 3 |
| 8 | തൃശ്ശൂർ | 14 |
| 9 | പാലക്കാട് | 13 |
| 10 | മലപ്പുറം | 41 |
| 11 | കോഴിക്കോട് | 6 |
| 12 | വയനാട് | 8 |
| 13 | കണ്ണൂർ | 23 |
| 14 | കാസർഗോഡ് | 28 |
| | ആകെ | 190 |

സെക്ഷൻ ഓഫീസർ